മി. ടാർസന്റെ വാദഗതി നോക്കുന്നതായാൽ മി. നാരായണപ്പെരുമാൾ നാടാർ പറഞ്ഞ സംഗതികൾ എല്ലാം പൊതുവെ ലജ്ജാവഹമാണെന്നു തോന്നിപ്പോകും. ഫാക്ടറിയിൽ പൗവ്വർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ചു കാണുന്ന ആ പദവും ഭേദഗതി ചെയ്യേണ്ടതാണ്. ഇതുയും പ്രധാനമായി പാസാക്കേണ്ട ഒരു ബിൽ വേറെ ഉണ്ടോ എന്നെനിക്കു സംശയമുണ്ട്. തെക്കൻതിരുവിതാംകൂറിൽ കങ്കാണികൾ എന്നു പറയുന്ന പിശാചുക്കൾ അവിടെയുള്ള കുട്ടികളെ പിടിച്ചു തോട്ടത്തിലും മലകളിലും കൊണ്ടുപോയി അവരെ പലവിധത്തിൽ കഷ്ടപ്പെടുത്തുന്നുണ്ട്. അങ്ങിനെ കൊണ്ടുപോയ ആളുകളുടെ എണ്ണം എത്രയാണെന്ന് എനിക്കു അറിഞ്ഞുകൂടാ. തോട്ടം ഉടമസ്ഥന്മാർക്കോ ഇവിടത്തെ ഏതെങ്കിലും പൊതുജനപ്രതിനിധികൾക്കോ അല്ലെങ്കിൽ ഇവിടെയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കോ അങ്ങിനെ കൊണ്ടുപോകുന്ന കുട്ടികളുടെ ഒരു കണക്കു കാണണമെന്നുള്ള ആഗ്രഹം പോലും ഉള്ളതായി കാണുന്നില്ല. പട്ടുപോലെയുള്ള മുണ്ടുകളും പലഹാരങ്ങളും മറ്റും കാട്ടിച്ചു കൊടുത്തും ചില ജപ്പാൻ സാമാനങ്ങളും കളിപ്പാട്ടങ്ങളും മറ്റും നൽകിയും ചിലപ്പോൾ ചില തുകകൾ കടമായി കൊടുത്തും കളിപ്പിച്ചു പിടിച്ചു കൊണ്ടുപോകുന്ന ഈ കുട്ടികളെ, പിന്നെ, അച്ഛനമ്മമാർക്കോ വേറെ ആർക്കുമോ കാണാൻ സാധിക്കുന്നില്ല. മി. നാടാർ പറഞ്ഞതുപോലെ ഞാനും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. അങ്ങിനെ കൊണ്ടുപോയ കുട്ടികൾ നാലഞ്ചു വർഷം കഴിഞ്ഞു, ഒരു പക്ഷേ ഓണത്തിനോ അല്ലെങ്കിൽ ക്രിസ്തുമസ്സ് അവധിക്കോ വീട്ടിൽ വരികയാണെങ്കിൽ വയറു വലുതായും രക്തമില്ലാതേയും ചിലപ്പോൾ കൈകാലുകൾ വച്ചു കെട്ടിയും അങ്ങനെ വികൃതവേഷത്തിൽ വരുന്നതായിട്ടാണ് കാണപ്പെടുന്നതു്. ഇവിടെ ക്രമേണ കാറക്കാരനായ ഒരാൾ ഒരു തോട്ടത്തിൽ ചെന്നാൽ ഒളിച്ചിരിക്കുന്നതിനു വേണ്ടിടത്തോളം സൗകര്യം കിട്ടുന്നുണ്ട്. അതിനുള്ള സർവ്വവിധ സൗകര്യങ്ങളും തോട്ടം മാനേജരന്മാരുടെ അറിവുകൂടാതെ മറ്റു കൂലിക്കാർ ചെയ്തു കൊടുക്കാറുണ്ടെന്നുള്ളതിനെപ്പറ്റി എനിക്കു യാതൊരു സംശയവും ഇല്ല. അവിടെ ചെന്നാൽ അവർ എന്തു കൊല്ലം അവിടെ താമസിച്ചാലും പുറത്തു അറിയുകയില്ല. ഈ സംഗതിയെ തടയുന്നതിനു, ഉടൻതന്നെ സി. ഐ. ഡി. ക്കാരെ നിയോഗിച്ചു ഈ തോട്ടങ്ങളെല്ലാം ഒന്നു പരിശോധിപ്പിക്കണമെന്ന് അപേക്ഷിക്കുന്നു. തോട്ടക്കാർ എല്ലാപേരും, അവർ സ്വദേശത്തുള്ളവരായാലും ശരി, വിദേശത്തുള്ളവരായാലും ശരി നമ്മുടെ നാട്ടിലുള്ള പാവങ്ങളുടെ രക്തം വാരിത്തുള്ളവരായാലും ശരി നമ്മുടെ നാട്ടിലുള്ള പാവങ്ങളുടെ രക്തം വാരിക്കുടിക്കുന്ന സംപ്രദായമാണ് അവർക്കുള്ളതു് അവർക്കു കിട്ടുന്ന ഭീമമായ

LIBRARY ARCHIVES Kerala Legislative Assembly

വരവിനനുരൂപമായ സുഖസൌകര്യങ്ങൾ അവർ ക്രമീകരിച്ചുകൊടുക്കേണ്ടതാണ്. ആരെങ്കിലും ചോദിച്ചാൽ 'ഞങ്ങൾ ഡാക്ടറന്മാരെ വച്ചിട്ടുണ്ട്, പാല് കൊടുത്തിട്ടുണ്ട്, മോരു കൊടുത്തിട്ടുണ്ട്' എന്നൊക്കെ പറയും. ഇവരുടെ പേരിൽ ഗവണ്മെന്റിൽനിന്നും വലിയ ഗ്രാന്റുകൾ വാങ്ങിക്കുന്നതിനായി ചില പള്ളിക്കൂടങ്ങൾ സ്ഥാപിച്ചിട്ടുണ്ടായിരിക്കാം. പരീക്ഷ പാസാകാത്ത ചില കമ്പൌണ്ടറന്മാരെ ഡാക്ടറന്മാരായി നിയമിച്ചുമിരിക്കാം. പക്ഷെ കാര്യമായ പ്രയോജനം ഇതൊന്നുകൊണ്ടും ഉണ്ടാകുന്നതല്ലല്ലൊ. ഏതായാലും ഇവരുടെ ഔദ്യോഗികസംബന്ധമായ കാര്യങ്ങളെപ്പറ്റി ഞാൻ കൂടുതൽ നിരൂപണം ഒന്നും ചെയ്യുന്നില്ല അതിനാൽ അണ്ടിയൊ, റബ്ബറൊ, തൊണ്ടൊ, കയറൊ, എന്തായിരുന്നാലും ശരി പൌവ്വർ ഉപയോഗിച്ചൊ അല്ലെങ്കിൽ പ്രത്യേകതരം മിഷ്യൻ ഉപയോഗിച്ചൊ എന്നു പ്രത്യേകം വ്യവസ്ഥ ചെയ്യാതെ ഉരുട്ടിയാലുരുളുന്ന തടിയായാലും 'പൌവ്വർ' എന്നുള്ളതിന്റെ വ്യാപ്തിയിൽപ്പെടുത്തി അതിൻപ്രകാരം നടത്തുന്ന പത്തൊ അതിൽ കൂടുതലോ ആളുകളെ വച്ചുനടത്തുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഈ ബിൽ ബാധകമാകത്തക്കവണ്ണം വേണ്ട ഭേദഗതി വരുത്തണമെന്നാണ് എന്റെ അഭിപ്രായം. ടെയിഡ് ഡിസ്പ്യൂട്ട്ബിൽ പോലെ തള്ളിക്കളയത്തക്ക ഒരു ബില്ലല്ലാ ഇതു്. ഈ ബിൽ വളരെ പ്രാധാന്യമുള്ള ഒന്നാകുന്നു. അതിനാൽ ഈ ബില്ലിലെ ഓരോ വള്ളി പുള്ളി വിസർഗ്ഗവും മതിയായവിധം ചർച്ചചെയ്തു തിരുമാനിക്കണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

MR. K. KESAVAN: സർ, കശുവണ്ടിശാലകളേയും ഈ ബില്ലിന്റെ വ്യാപ്തിയിൽ പെടുത്തേണ്ടതു് ഏറ്റവും അത്യാവശ്യമാണു്. അണ്ടിവറുക്കുക, തല്ലുക, ഈ ജോലികൾ ചെയ്യുന്നവരാണു് രോഗികളും വികൃതരുമായിത്തീരാറുള്ളതു്. ഈ രണ്ടുജോലികളും ചെയ്യുന്നവരിൽ പ്രധാനമായി ഉൾപ്പെട്ടിരിക്കുന്നതു ഈ നാട്ടിലെ ഹരിജനങ്ങൾ എന്നു പറയപ്പെടുന്നവരാണു്. കൊല്ലത്തുള്ള മിക്കവാറും അണ്ടിഫാക്ടറികൾ കാണുന്നതിനു എനിക്കു സാധിച്ചിട്ടുണ്ടു്. അവിടെയെല്ലാം ഈ രണ്ടുജോലികളും നിർവഹിക്കുന്നതു് പുലയർ, കുറവർ, എന്നീ രണ്ടു സമുദായങ്ങളിൽപ്പെട്ട സഹോദരന്മാരാണു്.

MR. T. T. KESAVAN SASTRI (*Nominated*): അവിടെയുള്ള എല്ലാജോലികളും ഇവർതന്നെയാണൊ നിർവഹിക്കുന്നതു് എന്നുള്ള വിവരം മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. KESAVAN : ഈ രണ്ടു ജോലികളും മിക്കവാറും അവർതന്നെയാണു വഹിക്കുന്നതു്. മറു ജോലികൾ മറ്റൊരല്ലാ സമുദായക്കാരും ചെയ്യുന്നതായി അറിയാം.

ഈ ജോലികൾ രണ്ടും പലതരത്തിലുള്ള രോഗങ്ങൾക്കു കാരണമായിത്തീരുന്നു. മനുഷ്യനെ വികൃതരാക്കുകയും ചെയ്യുന്നുണ്ടു. ഈ ദോഷം ഉള്ളതുകൊണ്ടാണു മറു സമുദായങ്ങളിൽപ്പെട്ട അധികം ആളുകളെ ഈ ജോലികൾക്കു ലഭിക്കാതിരിക്കുന്നതു്. ഈ രണ്ടു സമുദായങ്ങളിൽപ്പെട്ടിട്ടുള്ള ആളുകൾ സാധാരണയായി മറു ക്ലിപ്പണികളിൽ ഏർപ്പെട്ടിരുന്നാൽ അവർക്കു് ഏറ്റവും തുച്ഛമായ ഒരു വേതനം മാത്രമാണു് അവരുടെ മേലാളുകളിൽനിന്നും ലഭിച്ചുവരുന്നതു്. അണ്ടി വറുക്കുന്ന ആളുകൾക്കു ദിവസംപ്രതി അവർ ചെയ്യുന്ന ജോലി അനുസരിച്ചാണു് ശമ്പളം ലഭിക്കുന്നതു്. ഒരാൾക്കു് ഏകദേശം ഒന്നൊന്നരരൂപ ഒരു ദിവസം സമ്പാദിക്കുവാൻ കഴിയുകൊണ്ടു കഴിയും. മറേറതു തൊഴിലിൽ ഏർപ്പെട്ടിരുന്നാലും കേവലം ഒരുനേരത്തെ ആഹാരവും നാലുചക്രം ശമ്പളവും കിട്ടിക്കൊണ്ടിരിക്കുന്ന ഒരാളിനു ഈ ജോലിയിൽ ഏർപ്പെട്ടാൽ ഒരുരൂപാ ഉണ്ടാക്കുവാൻ സാധിക്കുമെന്നു കാണുമ്പോൾ ഈ ജോലി എത്രതന്നെ ദോഷം ഉണ്ടാക്കുമെന്നിരുന്നാലും ഇതു നിർവ്വഹിക്കുവാൻ ധാരാളം ആളുകൾ വന്നുകൊണ്ടിരിക്കുന്നതിൽ അത്ഭുതമില്ല. ഗവണ്മെൻറിൽനിന്നുതന്നെ ഹരിജനങ്ങടെ ഉദ്ധരിക്കുന്നതിനു പല സംരംഭങ്ങളും തുടങ്ങിയിട്ടുണ്ടു്. പിന്നോക്കസമുദായങ്ങളിൽപ്പെട്ട അംഗങ്ങൾക്കു ചില കാളനികൾ സ്ഥാപിക്കുന്നതിനായും ശ്രമിച്ചുവരുന്നുണ്ടു്. എന്നാൽ കശുവണ്ടിവ്യവസായശാലകളിൽ കിട്ടുന്ന ഈ വലിയ ശമ്പളത്തിന്റെ തോളും മറവും പിന്നോക്കസമുദായക്കാർ മുഴുവൻ മനസ്സിലാക്കുന്നപക്ഷം ഈ കാളനികളിൽ താമസിക്കുന്നതിനു അധികമാളുകൾ കാണുമെന്നു തോന്നുന്നില്ല. ഈ ഫാക്ടറികളിൽതന്നെ—അതായതു കൊല്ലത്താണു് ഇപ്പോൾ കൂടുതൽ ഫാക്ടറികൾ ഉള്ളതു്—അവിടെയുള്ളവരെമാത്രമേ ഇതു ബാധകമാകയുള്ളു എന്നു മി. കുഞ്ഞികൃഷ്ണൻ ഇവിടെ പറയുകയുണ്ടായി. കൊല്ലത്തുള്ളവർക്കു മാത്രമല്ല ഇതു ബാധകമാകുന്നതു്. അടുത്ത താലൂക്കുകളിലുള്ള ആളുകൾ, അവിടെയുള്ള പിന്നോക്കസമുദായക്കാർ മിക്കവാറും, ഇപ്പോൾ കൊല്ലത്തുള്ള ഫാക്ടറികളെ അഭയം പ്രാപിച്ചുകൊണ്ടിരിക്കയാണു്. കാളനികൾ സ്ഥാപിക്കുന്ന സ്ഥലങ്ങളിൽനിന്നും അല്പാതെയുള്ള സ്ഥലങ്ങളിൽനിന്നും ഹരിജനങ്ങളെല്ലാം ഈ ഫാക്ടറികളെ ലക്ഷ്യമാക്കി ഇങ്ങോട്ടുവരാനിടയുണ്ടു്. അവർ അപ്രകാരം വരുന്നപക്ഷം മി. ടി. പി. വേലായുധൻപിള്ള പ്രസ്താവിച്ചതുപോലെ ഇപ്പോൾ ആ ജോലി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kesavan]

ചെയ്യുന്നവരിൽ കാണുന്ന കുഷ്ഠമോ, അതുപോലെയുള്ളതോ, ആയ ഒരു വക രോഗം ഇവരിലും ബാധിക്കുമെന്നുള്ളതിനു സംശയമില്ല. മി. മക്കാർപിള്ള പറഞ്ഞതുപോലെ പത്തുവയസിനു കുറഞ്ഞ പ്രായമുള്ള കുട്ടികളും ഈ തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്. അവരുടെ തൊലിമുഴുവൻ പൊള്ളി വളരെ വിരൂപരായിരിക്കുന്നതു് കാണാം. യാതൊരു പ്രകാരത്തിലുള്ള സംരക്ഷണവും ഇവക്കു നൽകാതെ ഇങ്ങനെ ജോലി ചെയ്യുന്നതിനു ഇവരെ അനുവദിക്കുന്നപക്ഷം ഹരിജനോദ്ധാരണത്തിന്റെ അവശ്യംതന്നെ ഉണ്ടാകുമോ എന്നു എനിക്കു സംശയമുണ്ട്. ഹരിജനോദ്ധാരണം നടപ്പിൽ വരുമ്പോഴേക്കു ഈ ജോലിയിൽ ഏർപ്പെടുന്ന ഹരിജനങ്ങൾ അകാലമരണത്തിനിടയാകുമെന്നാണ് എന്റെ വിശ്വാസം. അങ്ങിനെ വരാതെ സൂക്ഷിക്കേണ്ടതു ഗവണ്മെൻറിന്റെ ഒരു മുമതല ക്രടിയാണു്. അതിനാൽ കശുവണ്ടിവ്യവസായശാലകളേയും ഈ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തേണ്ടതു് ഏറ്റവും അത്യാവശ്യമായിട്ടുള്ളതാണു്.

പിന്നീടു മി: ടി. പി. വേലായുധൻപിള്ളയുടെ ഭേദഗതിയിൽ കാണുന്നതു ൧൦ ആളുകൾ വേലചെയ്യുന്നതായിട്ടുള്ള സ്ഥാപനങ്ങളെ മാത്രമേ ഫാക്ടറികളായി ഗണിക്കാവൂ എന്നാണു്. കശുവണ്ടിവ്യവസായശാലയെ സംബന്ധിച്ചിടത്തോളം അതിൽ കുറച്ചു ആളുകളെവച്ചും ജോലി ചെയ്യിക്കുന്നുണ്ടു്. ദിവസം രണ്ടുമൂന്നു ചാക്കു കശുവണ്ടി മാത്രം വരുത്തി ജോലി നടത്തുന്ന ശാലകളുണ്ടു്. അതിനു ക്രടിയാൽ മുപ്പതോ മുപ്പത്തിയഞ്ചോ ആളുകൾ മതിയാകും. അങ്ങിനെയുള്ള ശാലകളെയും ഈ ബില്ലിന്റെ വ്യാപ്തിയിൽ വരുത്തേണ്ടതാണു്. ശക്തിയുടെ ആവശ്യമില്ലാതെ ജോലിചെയ്യുന്നപക്ഷവും ഇരുപതാളുകളുള്ള ശാലകളേയും ഇതിൽ ഉൾപെടുത്തേണ്ടതാണു്. ഇപ്പോൾ കശുവണ്ടി വ്യവസായം ഒരു കുടിൽ വ്യവസായമായിത്തീർന്നിട്ടുണ്ടു്. പ്രധാന കശുവണ്ടി വ്യവസായികളുടെ പക്കൽ നിന്നും രണ്ടുമൂന്നു ചാക്കുവീതം അണ്ടി വാങ്ങിച്ചു കൊണ്ടുപോയി തല്ലി പരിപ്പാക്കി വീണ്ടും അവരെത്തന്നെ ഏൽപ്പിക്കുക എന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ അനേകം പേരുണ്ടു്. അതുകൊണ്ടു കുറഞ്ഞതു ഇരുപതാളുകളെങ്കിലും ജോലിചെയ്യുന്ന വ്യവസായശാലകളെക്രൂടി ഇതിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. T. KESAVAN SASTRI : സർ, കശുവണ്ടി ഫാക്ടറികളെ കൂടി ഈ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതിയെ ഞാനും അനുകൂലിക്കുന്നു. ഈ ബില്ലിൽ ഫാക്ടറി തൊഴിലുകളുടെയും മുതലാളികളുടേയും അവകാശങ്ങളെ സംരക്ഷിക്കാൻ വേണ്ട നിയമങ്ങളും വ്യവസ്ഥകളും മിക്കവാറും അടങ്ങിയിട്ടുള്ളതാണല്ലോ. ബില്ലിന്റെ അംഗീകൃതമായ വ്യാപ്തി നോക്കുന്നപക്ഷം ഇരുകൂട്ടർക്കും സഹായമായും പ്രയോജനമായും ഇരിക്കേണ്ടതാണ്. അതുകൊണ്ട് ഒരു തരത്തിലും ദോഷമില്ലാത്തവിധത്തിലുള്ള ഭേദഗതികൾകൂടി അംഗീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ദരിദ്രരും പാവപ്പെട്ടവരുമായ അനവധി ആളുകൾ രാവിലെമുതൽ വൈകുന്നേരംവരെ ഏറ്റവും പരിമിതമായ ഓരോ പ്രതിഫലവും പറ്റിക്കൊണ്ട് വളരെ കഷ്ടപ്പെട്ട് വേല ചെയ്യുന്നുണ്ടെന്നുള്ള വിവരം വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഈ കശുവണ്ടി ഫാക്ടറികളിൽ സ്ത്രീകളും കുട്ടികളും കൂടി ധാരാളം വേലചെയ്ത് നിത്യവൃത്തി കഴിച്ചുപോരുന്നുണ്ട്. ഹരിജനങ്ങളിൽപ്പെട്ട ആളുകൾമാത്രമാണൊ ഈ ഫാക്ടറികളിൽ വേലചെയ്യുന്നത് എന്നു ഞാൻ ചോദിച്ചത് അവിടെ നടത്തുന്ന ജോലികൾക്കും ചില പ്രത്യേകതകൾ ഉണ്ടെന്നറിയാനിടയായിട്ടുള്ളതുകൊണ്ടാണ്. അണ്ടി അടിച്ചുടക്കുക, വറക്കുക, തൊലിക്കുക മുതലായ ജോലികളാണ് പ്രധാനങ്ങൾ. അതിൽ വറക്കുക പൊരിക്കുക ആദിയായ ജോലികൾ മാത്രമേ ഹരിജനങ്ങൾക്കു ലഭിക്കുന്നുള്ളൂ. ബാക്കിയുള്ള ജോലികളെല്ലാം അന്യആളുകളാണ് ചെയ്യുന്നത്. നികൃഷ്ടവും വിഷമവും ഉള്ള ജോലികൾ ചെയ്യുന്നതെല്ലാം പാവപ്പെട്ട ആളുകൾ ആണെന്നുള്ളതിനു സംശയമില്ല. വേല ചെയ്യിക്കുന്നതും കൂലികൊടുക്കുന്നതും മുതലാളിമാർക്ക് തോന്നുന്നതുപോലെയുമാണ്. ഫാക്ടറി ബില്ലിന്റെ പരിധിയിൽ കശുവണ്ടി ഫാക്ടറികൾ കൂടി ഉൾപ്പെടുത്തണമെന്ന് തൊഴിലാളികൾ പ്രത്യേകിച്ചു അഭിപ്രായപ്പെട്ടിട്ടുണ്ട്. നിയമസഭയിലും പൊതുയോഗങ്ങളിലും വർത്തമാനപ്പത്രങ്ങളിലും കാണുന്ന അഭിപ്രായഗതികൾ ഇതിനെ അനുകൂലിക്കുന്നവയാണ്. ഗവൺമെൻറിന്റെ ദയാദൃഷ്ടിയെ ക്ഷണിച്ചുകൊണ്ടു നിശ്ചയങ്ങൾ പാസാക്കിയയച്ചിട്ടുമുണ്ട്. കൊല്ലത്തു ഈയിടെ നടത്തിയ ഒരു തൊഴിലാളിസമ്മേളനത്തിൽ ഈ കാര്യം പ്രത്യേകിച്ചു പര്യാലോചനക്കെടുത്തിട്ടുള്ളതായി കാണുന്നു. കശുവണ്ടി ഫാക്ടറികളെ കൂടി ഈ ബില്ലിന്റെ പരിധിയിൽ ചേർക്കണമെന്നും, ഫാക്ടറികളിൽ ജോലിചെയ്യുന്ന ആളുകളുടെ ആരോഗ്യസംരക്ഷണത്തിന് വേണ്ട വ്യവസ്ഥകൾ ചെയ്യണമെന്നും, ഇക്കാര്യത്തിൽ ഗവർമ്മെൻറും നിയമ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. T. Kesavan Sastri]

ഭാസാമാജികന്മാരും ശ്രദ്ധിക്കണമെന്നും അവർ വളരെ വിനയമായ് അപേക്ഷിക്കുന്നു.

MR. M. K. MACKAR PILLAI : ഫാക്ടറി വയസ്സിൽ കുറഞ്ഞ പ്രായമുള്ള കുട്ടികളും ഈ ഫാക്ടറികളിൽ ജോലിചെയ്യണമെന്നാണോ മെമ്പറുടെ അഭിപ്രായം.

MR. T. T. KESAVAN SASTRI : ഫാക്ടറി വയസിനുമേൽ പ്രായമുള്ള കുട്ടികൾക്കും ജോലിചെയ്യാൻ സൗകര്യം നൽകണമെന്നാണ് എന്റെ അഭിപ്രായം

MR. V. K. VELAYUDHAN : അങ്ങനെയുള്ള കുട്ടികൾക്കു വിദ്യാഭ്യാസം കൊടുക്കേണ്ട സൗകര്യം ഉണ്ടാകേണ്ടതില്ലെന്ന് അഭിപ്രായമുണ്ടോ?

MR. T. T. KESAVAN SASTRI : ബഹുമാനപ്പെട്ട ഗവർമ്മെൻറിന്റെ കാരുണ്യംകൊണ്ടു സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും ഫാക്ടറികളിൽചെന്നു ജോലി ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ കിട്ടിയിട്ടുണ്ട്. ഇനിയും കൂടുതൽ സൌകര്യം ലഭിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

MR. P. K. KUNJU : ഈ വയസ്സുള്ള കുട്ടികളെക്കൊണ്ട് വേല ചെയ്യിപ്പിക്കുന്നതിനു പര്യാപ്തമായ ആരോഗ്യം അവർക്കുണ്ടായിരിക്കുമോ?

MR. T. T. KESAVAN SASTRI : വേലചെയ്യിക്കുന്നതിനു പര്യാപ്തമായ ആരോഗ്യം തങ്ങളുടെ കുട്ടികൾക്കുണ്ടെന്നു അവരുടെ അച്ഛനമ്മമാക്ക് ബോധ്യമുണ്ടെങ്കിൽ അല്ലേ അവരെ ജോലിക്ക് അയക്കാനിടയുള്ളൂ.

MR. M. K. MACKAR PILLAI : ഫാക്ടറി വയസ്സിൽകുറഞ്ഞ കുട്ടികളെക്കൊണ്ടു വേല ചെയ്യിക്കാമെന്നു മെമ്പർ പറഞ്ഞുവല്ലോ. കുറുവണ്ടി ഫാക്ടറി ഈ ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നാൽ ഫാക്ടറി വയസ്സിൽ കുറഞ്ഞ കുട്ടികളെക്കൊണ്ടു ജോലിചെയ്യിക്കാൻ സാധിക്കുമോ?

MR. T. T. KESAVAN SASTRI: അവരുടെ ആരോഗ്യത്തിന് ഹാനിതട്ടാതെ ജോലി ചെയ്യാൻ അനുവദിക്കണമെന്നേ ഞാൻ പറയുന്നുള്ളൂ. ഇപ്പോഴത്തെ നിയമം അനുവദിക്കാതിരുന്നാൽ അതിന് വേണ്ടമാറ്റവും വരുത്തിവുന്നതാണല്ലോ. വേണ്ടമാറ്റം വരുത്തേണ്ടതുമാകുന്നു. സർ, ഈ കാരണങ്ങളാൽ ഞാൻ ഭേദഗതിയെ അനുകൂലിക്കുകയും, മറ്റു സാമാജികന്മാരുടെ അഭിപ്രായാനുകൂല്യത്തെ അപേക്ഷിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN (*Nominated*) : ഈ ഫാക്ടറിബില്ലിൽ കശുവണ്ടി വ്യവസായശാലകളെക്കൂടി ഉൾപ്പെടുത്തണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. തിരുവിതാംകൂറിലുള്ള പറങ്കിആണ്ടി ആഫീസുകളിൽ ജോലി ചെയ്യുന്ന അധികം ആളുകളും അവശസമുദായത്തിൽപ്പെട്ട ആളുകളാണെന്ന് പല ബഹുമാനപ്പെട്ട മെംബർമാരും പറഞ്ഞു നാം അറിഞ്ഞുകഴിഞ്ഞു. ഏതുപ്രകാരത്തിലാണ് അവർ അവിടെ കഷ്ടപ്പെടുന്നതെന്നുള്ള സംഗതി പരമാർത്ഥത്തിൽ ഇവിടെയിരിക്കുന്ന മെംബർമാരിൽ ആരുംതന്നെ അറിയാൻ സാധിക്കുകയില്ല. ഈ വാദപ്രതിവാദത്തിനിടയിൽ എനിക്കു പറയുവാനുള്ളത് ബഹുമാനപ്പെട്ട പ്രസിഡൻറുതന്നെ ഒരുദിവസം കശുവണ്ടി വ്യവസായശാല ഒന്നു കാണാൻ ഇടയായി എങ്കിൽ യാതൊരു വാദപ്രതിവാദവുംകൂടാതെ കശുവണ്ടി ഫാക്ടറിക്കൂടി ഈ ബില്ലിൻെറ പരിധിയിൽ വരുത്തുമെന്ന് എനിക്കു പൂർണ്ണമായ ബോദ്ധ്യമുണ്ട്.

MR. K. KESAVAN : പ്രസിഡൻറ് പ്രസിഡൻറിൻെറ രൂപത്തിൽതന്നെ പോയാൽ അതു സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

MR. P. C. ADICHAN : സാധിക്കുകയില്ല. ഏകദേശം രണ്ടു മൂന്നു മാസക്കാലം കൊല്ലം, കിളികൊല്ലൂർ, കൊട്ടാരക്കര, കുണ്ടറ ഈ സ്ഥലങ്ങളിലുള്ള അണ്ടിആഫീസുകളിൽ ചുറ്റിനടന്ന് അവിടത്തെ ജോലിക്കാരുടെ കഷ്ടസ്ഥിതികൾ നേരിട്ടുകാണാൻ എനിക്കു ഇടയായി. രണ്ടും മൂന്നും വയസ്സുപ്രായമുള്ള കുട്ടികളെ അമ്മമാർക്കൂടെ കൊണ്ടുചെന്ന് പറങ്കി അണ്ടിതല്ലുന്ന അവസരത്തിൽ മടിയിൽവച്ചുകൊണ്ടാണ് ജോലിചെയ്യുന്നതു്. തങ്ങളുടെ ദാരിദ്ര്യംകൊണ്ടാണ് അങ്ങിനെ ജോലിചെയ്യുന്നതു്. കുട്ടികളെ പ്രത്യേകം സൂക്ഷിക്കുന്നതിന് യാതൊരു സൗകര്യവും ഇല്ല. നേരം പരപരാ വെളുക്കുമ്പോൾ മുഖത്തു വെള്ളംപോലും ഒഴിക്കാതെ അവർ ഫാക്ടറികളിൽ ജോലിക്കായി വരുന്നു. ജോലി ചെയ്യുന്നതിനു സമയക്ലിപ്തമില്ല. നേരം വെളുത്താൽ വെളിക്കിറങ്ങുന്നതിനോ മുഖം കഴുകുന്നതിനോ സാധിക്കാത്തവിധത്തിൽ അതു രാവിലെ ഈ ആഫീസുകളിൽ ഈ ജോലിക്കാർക്കു എത്തേണ്ടിയിരിയ്ക്കുന്നു. ജോലികഴിഞ്ഞുവരുമ്പോഴും നേരം സന്ധ്യയായിപ്പോകുന്നു. ഈമാതിരിയുള്ള കഷ്ടപ്പാടുകളിൽ നിന്നും പാവപ്പെട്ടയാളുകളെ രക്ഷിക്കണമെന്നുവരികിൽ അണ്ടിയാഫീസുകളും കൂടി ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തണം പണമുള്ളവരും മറ്റും കാലിൽ ബൂട്ട്സ് ധരിക്കാറുണ്ട്. ഈ പാവപ്പെട്ട കൂലിക്കാർക്ക് ചക്രമൊന്നും ഇല്ലെങ്കിലും ബൂട്ട്സിട്ട് മുതലാളിമാരെപ്പോലെ നടക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

[P. C. Adichan]

ളു കാണാം. എന്നാൽ ഇവരുടെ കാലിൽ മുതലാളിമാർ ഇട്ടന്ന ബൂട്ട്സല്ല, നേരേമറിച്ചു അണ്ടിയുടെ കറ മാത്രമാണ് എന്നു നോക്കിയാൽ കാണാം. ഇത്ര വലിയ കഷ്ടപ്പാടുകൾ അനുഭവിക്കുന്നയാളുകൾ ലോകത്തു് വേറെ ഉണ്ടോ എന്നു സംശയമാണ്. ഈ കഷ്ടപ്പാടുകളിൽനിന്നും ഇവരെ രക്ഷിച്ചു് മനുഷ്യരായി ജീവിപ്പിക്കണം എന്നു് ആഗ്രഹിക്കുന്ന മനുഷ്യജാതിയിൽപ്പെട്ടവർ ഉണ്ടെങ്കിൽ നിശ്ചയമായും അണ്ടിയാഫീസുകൾ കൂടി ഫാക്ടറിബില്ലിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനു് എതിരായി നിൽക്കുകയില്ല. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഈ ഭേദഗതിയെ അനുകൂലിച്ചുകൊള്ളുന്നു.

MR. K. R. NARAYANAN (*Vaikam cum Kottayam*) : സർ, ഫാക്ടറിയുടെ നിർവചനത്തിൽ അണ്ടിഫാക്ടറികളും തേയിലത്തോട്ടങ്ങളും ഉൾപ്പെടുന്നില്ല. അണ്ടിവ്യവസായശാലകളേയും തേയിലത്തോട്ടങ്ങളേയും ഉൾപ്പെടുത്താതെ ഒരു ഫാക്ടറിബിൽ ഉണ്ടാക്കുന്നതുകൊണ്ടു് പറയത്തക്ക പ്രയോജനം ഭൂരിപക്ഷം തൊഴിലാളികളെ സംബന്ധിച്ചു് ഉണ്ടാകുമെന്നു വിചാരിക്കാൻ യാതൊരുവഴിയും കാണുന്നില്ല. തിരുവിതാംകൂറിലെ ബഹുഭൂരിപക്ഷം ആളുകൾ തേയിലത്തോട്ടങ്ങളിലും റബ്ബർതോട്ടങ്ങളിലുമാണു ജോലിചെയ്യുന്നതു് എന്നു പറഞ്ഞാൽ അതിൽ ലവലേശവും അതിശയോക്തിയില്ല. തോട്ടക്കാരുടെ പ്രതിനിധിയായ ബഹുമാനപ്പെട്ട മെമ്പർ പ്രസ്താവിച്ചുകേട്ടാൽ തോട്ടങ്ങളിൽ പാലും തേനും ഒഴുകുന്നുവെന്നും അവിടെ സ്വർഗ്ഗരാജ്യം സൃഷ്ടിച്ചുവച്ചിരിക്കുന്നു എന്നും തോന്നും. ഇങ്ങനെ സംസാരിച്ച അദ്ദേഹത്തിന്റെ മനസ്ഥിതിയെ ഞാൻ വളരെ ബഹുമാനിക്കുന്നുണ്ടെങ്കിലും തോട്ടങ്ങളിൽ നടക്കുന്നതെങ്ങനെയാണെന്നുള്ള കാര്യം എന്റെ കണ്ണുകൊണ്ടു ഞാൻ കണ്ടിട്ടുള്ളതിനാൽ അതു് കേവലം ഒരു വർണ്ണനയായിമാത്രമെ ഞാൻ കരുതുന്നുള്ളൂ. ഇത്ര ദയനീയമായ സ്ഥിതി തോട്ടങ്ങളിൽ വരുവാൻ ഇടയാക്കിയതു് തിരുവിതാംകൂറിൽ ഒരു ഫാക്ടറിനിയമം ഇല്ലാത്തതുകൊണ്ടാണെന്നു് എനിക്കു പലപ്പോഴും തോന്നീട്ടുണ്ടു്. കശുവണ്ടിഫാക്ടറികളെ സംബന്ധിച്ചു് ഇവിടെ പറഞ്ഞിട്ടുള്ളതു് അക്ഷരംപ്രതി ശരിയാണു്. കശുവണ്ടിഫാക്ടറികളിൽ ജോലിചെയ്യുന്ന ആളുകൾക്കു് കശുവണ്ടിക്കറകൊണ്ടു് ഉപദ്രവം തട്ടാതിരിക്കുന്നതിനുവേണ്ടി റബ്ബർ കൈയുറകൾ വാങ്ങിക്കൊടുക്കണമെന്നു പൊതുയോഗങ്ങൾകൂടി ഫാക്ടറി ഉടമസ്ഥന്മാരോടു് അപേക്ഷിച്ചിട്ടുണ്ടു്. പാവപ്പെട്ടവരെക്കൊണ്ടു ജോലിചെയ്യിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

പ്രതാപച്ചെങ്കോൽ ധരിച്ചിരിക്കുന്ന ഫാക്ടറിയുടമസ്ഥന്മാക്ക് അതുപോലും നടത്തിക്കുവാൻ ഇന്നേവരെ സാധിച്ചിട്ടില്ല; അതെ അതിനു തരിമ്പോളവും ദയയുണ്ടായിട്ടില്ല. ഈ ഫാക്ടറികളെക്കുടി ഈ നിയമത്തിനകത്തു് ഉൾപ്പെടുത്തി വേലക്കാക്ക് രക്ഷകൊടുക്കാതെ നിവ്വാഹമില്ല എന്നുള്ള ഒരു ചിന്തനത്തിൽ വേലക്കാർ ചെന്നു വീണുപോയിരിക്കുന്നു. ഈ കായ്ക്കുങ്ങളെല്ലാം തൊഴിലാളികളുടെ ഭാഗത്തുനിന്നു പറയുമ്പോൾ ഒരു എതിർവാദം കേൾക്കുന്നതു് ബ്രിട്ടീഷിൻഡ്യൻനിയമങ്ങളിൽ ഫാക്ടറികൾക്കു നിവ്വചനംകൊടുത്തപ്പോൾ പൗവ്വർ ഉപയോഗിക്കുന്ന ഫാക്ടറികളെമാത്രമെ ഉൾപ്പെടുത്തി കാണുന്നുള്ളു എന്നാകുന്നു ഈവക കായ്ക്കുങ്ങളിൽ തിരുവിതാംകൂറിനെക്കാൾ മുലോം മുന്നിട്ടു നിൽക്കുന്ന ബ്രിട്ടീഷിൻഡ്യയിലെ നിയമങ്ങളെ അനുകരിക്കുകയാണു ചെയ്തിട്ടുള്ളതു എന്നാണല്ലൊ ആ വാദത്തിന്റെ അർത്ഥം. എനിക്ക് ഈ വാദമുഖത്തെ സംബന്ധിച്ച രണ്ടു മൂന്നു കായ്ക്കുങ്ങാം പറയുവാനുണ്ടു്. എല്ലാ കായ്ക്കുങ്ങാംക്കും നാം ബ്രിട്ടീഷ് ഇൻഡ്യയെ അനുകരിക്കണമെന്നില്ല. ലോകപ്രസിദ്ധമായ ക്ഷേത്രപ്രവേശനവിളംബരത്തിനു നാം ബ്രിട്ടീഷിൻഡ്യയെ അല്ലല്ലൊ അനുകരിച്ചതു്. ബ്രിട്ടീഷ ഇൻഡ്യയിലെ നിയമങ്ങളെ ഇവിടെ അനുകരിക്കുന്നതു് അശാസ്യമാണെന്നു നിർബന്ധമായി പറയുന്നവരോടു് എനിക്കു പറയുവാനുള്ളതു് ഫാക്ടറിയുടെ നിവ്വചനം മാറാനുള്ള അടിയൊഴുക്കു പ്രത്യക്ഷമായും പരോക്ഷമായും ബ്രിട്ടീഷിൻഡ്യയിൽ തള്ളിവരുന്നു എന്നാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ ഫാക്ടറിയുടെ നിർവചനം വിപുലമാക്കുവാൻ പ്രാദേശികഗവണ്മെൻറും സെൻട്രൽ ഗവണ്മെൻറും ഇപ്പോൾ ആലോചിച്ചു മിക്കവാറും തീരുമാനിച്ചിരിക്കുന്നു. യുണൈറ്റഡ് പ്രാവിൻസ് നിയമസഭയിൽ മി. ഹരിഹരനാഥശാസ്ത്രി ഒരു പ്രമേയം അവതരിപ്പിച്ചതു് അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. അതു്, പത്തു് ആളുകളിൽക്കുടുതൽ വേലചെയ്യുന്ന വ്യവസായശാലകാം, പൗവ്വർ ഉപയോഗിച്ചു ചെയ്യുന്നതായാലും അല്ലെങ്കിലും, ഫാക്ടറിയുടെ നിവ്വചനത്തിൽ ഉൾപ്പെടുത്തി വേലക്കാരെ സംരക്ഷിക്കണമെന്നാകുന്നു. ബ്രിട്ടീഷ് ഇൻഡ്യയെ ഏതെങ്കിലും പ്രകാരത്തിൽ അനുകരിക്കണമെന്നാഗ്രഹിക്കുന്നയാളുകാം, ഈ വക കായ്ക്കുങ്ങളിൽ, ബ്രിട്ടീഷിൻഡ്യ കഴിഞ്ഞ ൪൫കൊല്ലങ്ങാം പ്രതിഭിന്നമെന്നവണ്ണം മുന്നോട്ടു കുതിച്ചുചാടിക്കൊണ്ടിരിക്കുന്നു എന്ന കായ്ക്കുടി നാം പ്രത്യേകിച്ചു മനസ്സിലാക്കേണ്ടതാണു്. ഒരു വാക്കുകുടി പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ ബ്രിട്ടീഷിൻഡ്യയിൽ കാൺഗ്രസ്സിന്റെ സ്വാതന്ത്ര്യവും അവ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan]

രുടെ അഭിപ്രായവും ദിവസവും പ്രവൃദ്ധമായിവരികയാണ്. തൊഴിൽ പ്രസ്ഥാനത്തെ സ്നേഹിക്കുന്ന കാൺഗ്രസ്സ് ചുരുങ്ങിയപക്ഷം കാൺഗ്രസ്സിനു സ്വാധീനമുള്ള ഏഴ പ്രവിശ്യകളിലെങ്കിലും ഈ കായ്വും നടപ്പിൽവരുത്തി തൊഴിലാളികളെ രക്ഷിക്കുമെന്നുള്ളതു് അവിതർക്കിതമാണ്. അങ്ങിനെയൊരു സംഭവം വരുന്നതിനുമുൻപു തിരുവിതാംകൂർ, പൗവ്വർ ഉപയോഗിക്കാത്ത ഫാക്ടറികളുംകൂടി ഈ ബില്ലിന്റെ നിവ്വചനത്തിൽ ഉൾപ്പെടുത്തി ബ്രിട്ടീഷിൻഡ്യയ്ക്ക് ഈ വിഷയത്തിലും ഒരു മാതൃക കാണിച്ചുകൊടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

തോട്ടങ്ങളിലെ ക്ലിക്കാരുടെ കായ്വത്തിൽ അസൌകര്യമുണ്ടെന്നും കശുവണ്ടി ഫാക്ടറി വേലക്കാരുടെ കായ്വും ഉർഘടമാണെന്നും പറഞ്ഞപ്പോൾ തിരുവിതാംകൂറിലെ കയർ ഫാക്ടറികളെല്ലാം വളരെ ഭംഗിയായി നടക്കുന്നുണ്ടെന്നുള്ള ഒരഭിപ്രായം എനിക്കുള്ളതായി ബഹുമാന്യപ്പെട്ട മെംബർമാർ ആരും തെറ്റിദ്ധരിക്കരുതു്. കയർഫാക്ടറിയുടെ കായ്വും പറയുകയാണെങ്കിൽ അവിടെയും ഒരുവക കുഴപ്പംതന്നെയാണ്. അവിടെ എന്തെല്ലാം ഈ വേലക്കാർ അനുഭവിക്കുന്നുണ്ടെന്നു് ഈ മുതലാളിമാക്കും അതു കാണാൻ കഴിയുന്നവക്കും വളരെ വ്യക്തമായി അറിയാവുന്നതാണ്. ക്ലിക്കിട്ടാൻ പ്രയാസം; ക്ലി പണമായി കിട്ടാൻ പ്രയാസം; പണമായിട്ടു കിട്ടുകയാണെങ്കിലും അതു സമയത്തു കിട്ടാൻ പ്രയാസം, ചുരുക്കിപ്പറഞ്ഞാൽ

"പാവങ്ങൾതൻ പ്രാണമരുത്തുവേണം
പാപിപ്രഭുക്കൾക്കിഹ പങ്കുവീശാൻ"

എന്നമട്ടിൽ ആലപ്പുഴയിലെ മിക്ക കയർഫാക്ടറികളും എത്തിച്ചേർന്നിരിക്കുന്നു എന്നുള്ള പരമാർത്ഥം ഞാൻ പറയുമ്പോൾ മുതലാളികളായ എന്റെ സ്നേഹിതന്മാർ എന്നെ തെറ്റിദ്ധരിക്കുകയില്ലെന്നു വിശ്വസിക്കുന്നു. തിരുവിതാംകൂറിലുള്ള ബഹുഭൂരിപക്ഷം ആളുകൾക്കും ഈ ഫാക്ടറികൾകൊണ്ടു ഗുണം വരണമെന്നുള്ള വിനീതമായ സദുദ്ദേശത്തിന്റെ അമിതമായ പ്രേരണകൊണ്ടു ഇതു പറയുന്നുവെന്നല്ലാതെ ഫാക്ടറിയുടെ പുരോഗതിയെ തടയണമെന്നോ ആരുടേയെങ്കിലും ലാഭത്തിൽ ഒരു പൈ പോലുമില്ലാതാക്കണമെന്നോ ഉള്ള ദുരുദ്ദേശമെനിക്കു ലവ ലേശമില്ല.

MR. M. L. JANARDANA PILLAI: ചേർത്തലയുള്ള കയർ ഫാക്ടറിയുടെ സ്ഥിതി എന്താണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN: ആലപ്പുഴയിലെ ഫാക്ടറിപോലെതന്നെ ചേത്തലഫാക്ടറിയും ഉർഘടപരിപൂർണ്ണമാണ്. എന്റെ ബഹുമാന്യസ്നേഹിതൻ മി. എം. എൽ. ജനാർദ്ദനൻപിള്ളയുടെ ചോദ്യത്തിനുള്ളിൽ അടക്കിയിരിക്കുന്ന വ്യംഗ്യാത്ഥത്തിന്റെ ഹരിശ്രീ മുതൽ "ക്ഷ" വരെയുള്ള സംഗതി എനിക്കറിയാം. ആലപ്പുഴ കയർഫാക്ടറി നടത്തുന്നയാളുകളധികവും ഈഴവരല്ലെന്നും, ചേത്തല കയറുവ്യവസായം നടത്തുന്നവരിൽ 80 ശതമാനവും ഈഴവരാണെന്നും അവരെ ഞാൻ എങ്ങിനെ നിതീകരിക്കുന്നു എന്നും അറിയാനായിരിക്കും കുശാഗ്രബുദ്ധിമാനായ ബഹുമാനപ്പെട്ട മെംബർ ജനാർദ്ദനൻപിള്ള ചോദ്യമാകുന്ന പാറാവളയത്തിൽ എന്നെ ചാടിക്കാൻ നോക്കിയതു്. ഈ സന്ദർഭത്തിലുള്ള അദ്ദേഹത്തിന്റെ ഈ ചോദ്യത്തിനു ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. പക്ഷെ,—ഈ പക്ഷെ ഞാൻ അത്ഥഗർഭമായിത്തന്നെ പ്രയോഗിക്കുകയാണ്—തൊഴിലാളികളുടെ വ്യഥയകറ്റുന്ന തരത്തിൽ പ്രവത്തിക്കുന്ന ഒരുത്തൻ എന്റെ ജാതിക്കാരൻ ആണെന്നോ എന്റെ മതക്കാരനാണെന്നോ ഉള്ള കാരണം കൊണ്ടുവന്നു് അവനു ഒരു രക്ഷാകവചം നൽകി സംരക്ഷണം നൽകുവാൻ ഞാൻ ലവലേശം ആഗ്രഹിക്കുന്നില്ല. തൊഴിലാളികളെ ഉപദ്രവിക്കുന്നവൻ നായരാകട്ടെ, ഈഴവനാകട്ടെ, എന്തിനു, തൊഴിലാളികളെ ഉപദ്രവിക്കുന്നതു് എന്റെ അച്ഛൻതന്നെയാകട്ടെ, ആ നായരേയും ആ ഈഴവനേയും ആ അച്ഛനേയും നിയമത്തിനു വിധേയമാക്കിത്തീക്കണം എന്നാണു എന്റെ അഭിപ്രായം, എന്റെ ശ്രമവും അതിനായിരിക്കും. എന്റെ വിനീതമായ ഈ ഉദ്ദേശത്തിൽ മി. എം. എൽ. ജനാർദ്ദനൻപിള്ള തെറ്റിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഫാക്ടറിയുടെ നിർവചനത്തിൽ പുവ്വർ ഉപയോഗിക്കണം എന്നുള്ള വ്യവസ്ഥ ഇല്ലെങ്കിൽ കുടിൽവ്യവസായത്തിനു ഹാനികരമാണെന്നു ഒരു വാദം പറയുന്നു. ഈ സംഗതിയെക്കുറിച്ചു എനിക്കല്പം പറയുവാനുണ്ടു്. കുടിൽ വ്യവസായങ്ങൾ രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കും ശാശ്വതമായ പുരോഗതിക്കും അപരിത്യാജ്യമാണെന്നുള്ളതു് നിർവിവാദമാണു്. കുടിൽവ്യവസായമെന്നു പറഞ്ഞുകൊണ്ടു പത്തോ നാല്പതോ അൻപതോ ആളുകളെവിളിച്ചു ജോലിചെയ്യിക്കയും ആദായം എടുക്കയും ചെയ്യാൻ അനുവദിക്കുന്നതു ശരിയല്ല. കുടിൽ വ്യവസായത്തിനും ഒരു നിർവചനം കൊടുക്കണം. ഈയിടെ മദ്രാസു നിയമസഭയിൽ "സ്മോറു എയിഡഡ് ഇൻഡസ്ട്രീയൽസ്" ഭേദഗതിബിൽ അവതരിപ്പിച്ചപ്പോൾ അതിൽ കുടിൽ വ്യവസായത്തെപ്പറ്റി പറഞ്ഞിട്ടുള്ളതു ഇങ്ങനെയാണു്. ഒരു കുടുംബത്തിലുള്ള ആളുകളെല്ലാം കൂടി ഉൾപ്പെട്ടതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

നടത്തുന്ന വേലകാം അതുപോലെ കുടിൽ വ്യവസായമെന്ന ആ ഭേദഗതിബില്ലിൽ വ്യക്തമായി പറയുന്നു. ഇവിടെ എത്രയാളുകാം ജോലിചെയ്താലും പൗവ്വർ ഉപയോഗിക്കാതെ ജോലിചെയ്യുന്നതെല്ലാം കുടിൽവ്യവസായമാണുപോലും.

അവസാനമായി എനിക്കു പറയുവാനുള്ള ഒരു വാചകം ഇതാണ് തിരുവിതാംകൂറിൽ ജാതിക്കും മതത്തിനും അതീതമായി ഒരു പ്രശ്നത്തെ അഭിമുഖീകരിക്കാൻ കഴിയുന്ന ഒരു സുവർണ്ണസൂദിനം കാണണമെങ്കിൽ തൊഴിലുകളേയും തൊഴിലാളികളേയും കേന്ദ്രീകരിക്കുന്ന ഒരു കാലമുണ്ടാകണം തിരുവിതാംകൂറിനെ മാത്രമല്ല, ഇൻഡ്യ മാത്രമല്ല, എല്ലാ ഭൂവിഭാഗങ്ങളേയും അഭിമുഖീകരിക്കുന്ന ഒരു പ്രശ്നമാണിത്. തൊഴിലാളികളെ മാറ്റിനിറുത്തിക്കൊണ്ട് മുതലാളികാംക്കു ജീവിക്കാമെന്നോ മുതലാളികളെ മുഴുവനും അവഗണിച്ചുകൊണ്ട തൊഴിലാളികാംക്കു ജീവിക്കാമെന്നോ ഉള്ള മോഹം അസാദ്ധ്യമാണ്. തൊഴിലാളികളുടെ രക്ഷക്കായി ഈ ബില്ലിന്റെ വ്യാപ്തിയിൽ തേയിലത്തോട്ടങ്ങളും കശുവണ്ടവ്യവസായങ്ങളും ഉൾപ്പെടുത്തുന്നതിനു ഈ നിയമസഭ അവധാനപൂർവ്വം മയാപൂർവ്വം ചിന്തിച്ചു വേണ്ടതു ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുന്നു.

MR. M. K. MACKAR PILLAI: പന്ത്രണ്ടു വയസ്സിൽ കുറഞ്ഞ കുട്ടികളാരും ഫാക്ടറികളിൽ ജോലി ചെയ്യരുതെന്നാണോ മെംബറുടെ അഭിപ്രായം?

MR. K. R. NARAYANAN: അതാണോ എന്റെ അഭിപ്രായമെന്നു ചോദിച്ചാൽ- അതെ- എന്നു ഞാൻ പറയും. പന്ത്രണ്ടു വയസ്സിൽ കുറഞ്ഞകുട്ടികളെ ഫാക്ടറികളിൽ കൊണ്ടുപോയി ജോലിചെയ്യിക്കുന്നതു അവരുടെ ആരോഗ്യത്തിനു, ആ കുഞ്ഞുങ്ങാം പൗരന്മാരാകുന്ന ഭാവിയിലുള്ള തിരുവിതാംകൂറിന്റെ ആരോഗ്യത്തിനും, നല്ലതാണെന്നുള്ള അഭിപ്രായം എനിക്കില്ല. അതിനാൽ മുതലാളികളും തൊഴിലാളികളും—തിരുവിതാംകൂറിന്റെ ശോഭനമായ ഭാവിയെ കാംക്ഷിക്കുന്ന മുതലാളികളും തൊഴിലാളികളും—ഈ കായ്യം ശ്രദ്ധിക്കയും തോട്ടക്കാരുടെ പ്രതിനിധിയായ സായിപ്പുവർകാം പറഞ്ഞതുപോലെ പാലും തേനുമൊഴുകുന്ന ഒരു രാജ്യമാക്കാൻ തൊഴിലാളികളും മുതലാളികളും പരസ്പരവിശ്വാസത്തോടുകൂടി പെരുമാറുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു. മൂഷണമെന്നും മൂഷിതരെന്നുമുള്ള പദങ്ങാം തൊഴിലാളിലോകത്തു അധികം കേൾക്കാതിരിക്കുവാൻ സംഗതിയാകട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

MR. KAYALAM PARAMESVARAN PILLAI: I am in great sympathy with much of what has been stated here on behalf of labour. But I think it is my duty to approach this question with some relation to the realities of the situation. I shall therefore first draw the attention of the House to a certain relevant provision contained in Clause 5 of the Bill. It lays down :—

> "Notwithstanding anything contained in Clause (*j*) of Section 2, Our Government may, by notification in Our Government Gazette, declare any premises whereon or within the precincts whereof a manufacturing process is carried on whether with or without the aid of power and whereon or within the precincts whereof, on anyone day of the twelve months proceding the notification, ten or more workers were employed, to be a factory for all or any of the purposes of this Regulation."

The first question therefore is whether the House is prepared or willing to leave it to the discretion of the Government to declare in a fit case that a particular place is a factory leaving it entirely to Government not to declare it in other cases. One of the advantages of leaving it to the discretion of the Government is that *all* the rigorous provision of this Bill would not be applied alike to all the places that Government may declare to be a factery, for a place may be declared a factory for *all or any* of the purposes of the Regulation.

If then you leave it to the Government to declare any particular place to be a factory, or not they will consider the details of each case and say such and such places may be factories and such and such provisions of this Bill shall apply to the place so declared but not the other provisions. This flexibility, if I may so call it, is an advantage. To deal next with the various amendments that have been moved, I shall first deal with the proposal that the cashew-nut factories should be brought wtihin the provision of this Bill. I am in perfect sympathy with the mover, Mr. Velayudhan Pillai, in this respect and should have accepted the amendment had I been assured by the Honourable Members of the House that it would not have the effect of driving the industry away from Travancore. It is certainly the interest of the labourer to see that the industry remains in Travancore. It is admitted that there is no provision in the British Indian enactment covering the cashew-nut industry. Then, the question will be whether Travancore will be able to retain this industry if the present measure is extended to that industry and the industry is in consequence made more costly. Sir, most of our cashew-nut factories are situated in and around Quilon. Tangacheri is not far away from Quilon it is practically a suburb of Quilon, and is a British Indian territory. It is therefore quite possible that all the factories at Quilon may shift their activities to Tangacheri, and again the factories in Alwaye may transfer themselves to the adjoining Cochin territory where too the cashewnut factory is not affected by the factory law. If the Honourable Members are quite sure that the inclusion of this industry in the purview of our Bill will not drive away the industry from Travancore, I have not got any serious objection to the amendment proposed. It should also be borne in mind, in this connection, that two-thirds of the cashewnuts dealt with in the factories are imported into Travancore from out-

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Parameswaran Pillai.]

side, and there may not be such import if the industry is made onerous here. It may for example go to or ramain in Calicut, Cochin, Ernakulam or Mangalore. That is a matter which the House has seriously to consider. If the House really feels apprehension in the matter, my advice is to leave the matter to the discretion of the Government so that Government may act, in fit cases, under clause 5. If the Honourable Members, with their personal knowledge and experience of the matter, are satisfied that there is no room for any such apprehensions, I for one would be very happy to accept the amendment.

There is one other matter which I may refer to in this connection. Mr. Mackar Pillai has been asking very often whether children under 12 could not be allowed to do harmless work in these factories. I think Mr. Kesavan Sastri also said that they may be allowed to work if only the work would not stand in the way of their attending schools. Then again, assuming for a moment that they do not attend schools, do you want them to work in these factories or to remain idle at home? The work in these cashew-nut factories is of a varying nature. Some are not injurious to the health, even of children; for instance skinning the kernal. Children can do it. If, as suggested by Mr. Velayudhan Pillai, the cashew-nut industry is brought within the purview of this Bill, then straightway, child labour will be absolutely prohibited so far as this industry also is concerned. It is a matter for serious consideration by the House whether poor families should be deprived of the income and should be forced to keep their children idle at home-children who now have an occupation which is paying but is absolutely harmless to their health.

Now, coming to the amendment proposed by Mr. Pereira, I may at the outset say that I am not quite so much in sympathy with that amendment as I am with the one proposed by Mr. Velayudhan Pillai, because it involves some practical difficulties. In the latter part of Mr. Pereira's amendment, it is stated :—

"Whereon 100 or more workers are working are were working on any of the preceding twelve months in any part of which any manufacturing process is being carried on even though it be without the aid of power....."

The Bill contains a definition of 'manufacturing process', which is very comprehensive. It is contained in sub-clause (3) (*g*) and runs as follows :

"Manufacturing process" means any process—
(i) for making, altering, repairing, ornamenting, finishing or packing,....."

I would draw the attention of the House particularly to the word 'packing'.

and also to what follows namely :—
"Or otherwise treating any article or substance with a view to its use, sale transport, delivery or disposal,....."

I Shall give a concrete instance to make this description understood.

LIBRARY ARCHIVES Kerala Legislative Assembly

An agriculturist may have in stock 4 or 5 hundred paras of paddy and may engage a 100 people on a particular day to pack it all in gunny bags to be sent to the market for sale. His house will then become a factory for a whole year under the amendment because 'manufacturing process' includes packing also.

Again manufacturing process includes pumping oil or water as may be seen from sub-clause (3).

There may be places where water is pumped with *chukrams* (wheels) ; and if on a particular day, out of the 365 days of the year, a person engages a hundred men to pump out water for cultivation, the place would stright away become a factory for all the 365 days. Practical difficulties will thus arise if Mr. Pereira's amendment is accepted as it is and the House has to consider it very carefully. Speaking on the amendment, Mr. Pereira said that it was an amendment moved at the Select Committee. The amendment that Select Committee considered was—

> ".....Whereon fifty or more workers are working or were working on any of the preceding twelve months in any part of which any manufacturing process with coir yarn or cashewnut is being carried on....."

Deliberately or otherwise, Mr. Pereira's amendment does not make mention of the coir and the cashew-nut industries which had been specifically mentioned in the amendment considered by the Select Committee. As I have already stated, it is for the House to consider whether merely because on a single day out of the 365 days of the year, 100 coolies were engaged in a particular place, it should be treated as a factory and subjected to the various rigorous provisions of this enactment. The House can very well visualise the serious consequences, by exercising a little imagination.

Cottage industries have been referred to in this connection. Sir, we all know that the coir industry is a cottage industry and is carried on in several house-holds. Merely because on a particular day 100 people happen to be employed in a particular house, say for packing all the coir, for being sent to the market, should the house be treated as a factory. That again is a matter for the House to consider.

MR. E P. VARGHESE : May I know from the Honourable the Law Member what according to him is the number of workers for an industry to be called a cottage industry?

MR. KAYALAM PARAMESVARAN PILLAI: I do not think I am in a position to express any opinion in regard to the number. I should think that, as has been stated by Mr. K. R. Narayanan, it is an idea, or a notion of family that should characterise an industry to make it a cottage industry. For instance, if the members of a *family*, whatever be their number, are engaged in an industry, or if the *families of brothers*, although they may be living in separate houses, are engaged in an industry, it may be called a cottage industry.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kayalam Paramesvaran Pillai.]

I am sure it is not the intention of the Honourable Members to place any restriction upon cottage industries.

Having regard to all this, Sir, it is for the House to consider whether it would not be enough to leave the matter entirely to the Government to consider each individual case on its merits and to declare it, or not under clause 5, making only such provisions as are necessary, applicable thereto.

The House adjourned at 5 P. M.

E. I. CHACKO,
Secretary, Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly